പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3044 — 07.11.2019 ൽ മറുപടിക്ക്

## അങ്കമാലി ശബരിപാത നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോജി എം. ജോൺ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി ശബരിപാത നിർമ്മാണം ഏതുഘട്ടം വരെയായി എന്നും ഇതിന്റെ പുരോഗതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതി ചെലവിന്റെ കുറച്ചുഭാഗം സംസ്ഥാന സർക്കാർ വഹിക്കാമെന്ന് എപ്പോഴെങ്കിലും തീരുമാനം എടുത്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;<br><br>(സി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏത് തരം ഇടപെടലുകളാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;<br><br>(ഡി) ശബരിപാതയിൽ അങ്കമാലി കാലടിയിൽ സ്റ്റേഷനും പ്ലാറ്റ്ഫോമും നിർമ്മാണം പൂർത്തിയായോ; വിശദാംശം ലഭ്യമാക്കാമോ;<br><br>(ഇ) ഇരുന്നൂറ്റമ്പത് കോടി രൂപ ചെലവഴിച്ച പദ്ധതി കേന്ദ്രം ഉപേക്ഷിക്കുന്നു എന്ന പത്രവാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും (എഫ്) | അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചിലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചിലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന വിഹിതം എപ്രകാരം നൽകണമെന്നും, റെയിൽവേയുമായി ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ചും തുടർ തീരുമാനം കൈക്കൊള്ളുന്നതാണെന്ന വ്യവസ്ഥയിൽ 27.11.2015-ലെ സ.ഉ.(കൈ) നം. 77/2015/ഗതാ ഉത്തരവ് പ്രകാരം പദ്ധതി ചെലവിന്റെ 50% സംസ്ഥാനം വഹിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ പ്രധാന മന്ത്രിയുടെ "പ്രഗതി" സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയുടെ മുഴുവൻ ചെലവും റെയിൽവേ വഹിക്കണമെന്ന് സംസ്ഥാനം അറിയിക്കുകയുണ്ടായി.<br><br>ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു.<br><br>പാതയുടെ പരിപാലനത്തിനും നടത്തിപ്പിനും ആവശ്യമായ തുകയിൽനിന്നും അധികരിച്ച് ലഭിക്കുന്ന |

| | | |
|---|---|---|
| (എഫ്) | ശബരിപാതയുടെ പേരിൽ കുടിയൊഴിപ്പിച്ചവരുടെയും പാത വരുമെന്നതിനാൽ സ്വന്തം ഭൂമിയിൽ വീടും സ്ഥാപനങ്ങളും തുടങ്ങാൻ കഴിയാതെ കഷ്ടപ്പെടുന്നവരുടെയും ആശങ്ക പരിഹരിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | വരുമാനം സംസ്ഥാനവും റെയിൽവേ മന്ത്രാലയവും ആനുപാതികമായി പങ്കിടുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആകെ 131.6348 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്.<br><br>കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം - എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റയിൽവെ അധികൃതർ സ്വീകരിച്ചുവരുന്നു.<br><br>ഈ പദ്ധതി കേന്ദ്രം ഉപേക്ഷിച്ചതായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. അങ്കമാലി - ശബരി പദ്ധതി ചെലവിന്റെ 50% സംസ്ഥാന വഹിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>അങ്കമാലി - ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ